**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം-2025**
**MBBS/BDS കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2025**

**ഒന്നാംഘട്ട ഓപ്ഷൻ രജിസ്ട്രേഷൻ/റദ്ദാക്കൽ/പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം പുന:രാരംഭിച്ചു.**

മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം MBBS/BDS കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ/റദ്ദാക്കൽ/പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം **15.08.2025, 11.59 PM** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ വീണ്ടും ലഭ്യമാക്കി .ഇതുവരെ ഓപ്ഷൻ നൽകാത്തവർക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനും ,ഇതുവരെ ഓപ്ഷനുകൾ നൽകിയവർക് അത് പുന:ക്രമീകരിക്കുവാനും ആവശ്യമെങ്കിൽ അവ റദ്ദാക്കുവാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. 15.08.2025, 11.59 PM വരെ ലഭ്യമാകുന്ന ഓപ്ഷനുകൾ കൂടി ഉൾപ്പെടുത്തി **16.08.2025 ന്** താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. തുടർന്ന് **18.08.2025 ന്** അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| **09.08.2025** | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ നൽകുന്നതിന് വെബ് സൈറ്റ് സജ്ജമാകുന്നു. |
| **15.08.2025, 11.59 PM** | ഓപ്ഷൻ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **16.08.2025** | താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| **18.08.2025** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| **19.08.2025 to 24.08.2025, 4.00PM** | അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഫീസ് അടച്ച് പ്രവേശനം നേടാനുള്ള സമയം. |
| **24.08.2025,** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് |

| | |
|---|---|
| **5.00 PM** | അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |

വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ **13.08.2025 ന് വൈകുന്നേരം 3.00** മണിക്കു മുമ്പായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ്ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കണ്ണൂർ ദന്തൽ കോളേജിലേക്ക് ഈ അവസരത്തിൽ ഓപ്ഷൻ നൽകുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ടി കോളേജിലെ വാർഷിക ഫീസ് (താത്ക്കാലികം) Rs.3,30,940/- (General Category), Rs.6,00,000/-(NRI) ആയി നിശ്ചയിച്ചിട്ടുണ്ട്. ഒന്നാംഘട്ട ഓപ്ഷൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് **30.07.2025-ലെ** വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
R Manoj
Date: 09-08-2025 18:24:38

**ജോയിന്റ് കമ്മിഷണർ അക്കാഡമിക്**
**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
09-08-2025